**തിരുവനന്തപുരം സിറ്റി പോലീസ്**

**പത്രക്കുറിപ്പ്**

# കഴക്കൂട്ടം -കോവളം ദേശീയ പാതയിൽ പുതിയ ലെയിൻ ട്രാഫിക് സംവിധാനം

# ജോലി വാഗ്ദാനം നൽകി പീഢിപ്പിച്ച കേസിലെ പ്രതി പിടിയിൽ

# കൊലപാതകക്കേസ്സ് ഉൾപ്പെടെ മുപ്പതു കേസ്സുകളിലെ പ്രതി പിടിയിൽ

**കോവിഡ്-19**

## വിലക്ക് ലംഘനം: 185 പേർക്കെതിരെ നിയമനടപടി 31,600/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം : കഴക്കൂട്ടം -കോവളം ദേശീയ പാതയിൽ പുതിയ ലെയിൻ ട്രാഫിക് സംവിധാനം ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കഴക്കൂട്ടം മുതൽ കോവളം വരെയുള്ള ദേശീയപാതയുടെ നടുക്ക് മീഡിയൻ നിർമ്മിച്ച് റോഡ് രണ്ട് ട്രാക്കായി തിരിച്ച് നാലുവരി ഗതാഗത സംവിധാനമാണ് നിലവിലുള്ളത്. അതിൽ മീഡിയനോട് ചേർന്നുള്ള വലതു ട്രാക്ക് ഓവർടേക്കിംഗിന് മാത്രമായി ഉപയോഗിക്കുക എന്നതാണ് ലെയിൻ ട്രാഫിക് സംവിധാനം. കോവിഡ് വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട് പൊതുഗതാഗത സംവിധാനങ്ങൾ പരിമിതമായതിനാൽ കൂടുതൽ ആളുകൾ സ്വകാര്യ വാഹനങ്ങളിൽ യാത്ര ചെയ്യുന്നതിനാൽ ദൈനംദിനം വാഹനങ്ങളുടെ എണ്ണവും അപകടങ്ങളുടെ എണ്ണവും ക്രമാതീതമായി വർദ്ധിക്കുകയാണ്. ആയതിനാൽ വാഹനം ഉപയോഗിക്കുന്ന എല്ലാപേരും ശരിയായ വേഗതയിൽ വാഹനം ഓടിക്കുകയും മീഡിയനോട് ചേർന്നുള്ള വലതു ട്രാക്ക് ഓവർടേക്കിംഗിന് മാത്രമായി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ വാഹനങ്ങളും (ഹെവി വെഹിക്കിൾസ്